**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5116** **02-11-2021 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ കൊടുത്ത അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ ദുരിതബാധിതർക്ക് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തുക നിലവിൽ എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ കൊടുത്ത അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ കാസർഗോഡ് ജില്ലാ കളക്ടർ മുഖേന ദുരിതബാധിതർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കോർപ്പറേഷന് തിരികെ ലഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാര പാക്കേജായി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് നൽകിയ അൻപത്തിയെട്ട് കോടി പത്ത് ലക്ഷം രൂപ തിരികെ ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി 25.10.2017, 22.2.2018 തീയതികളിലെ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും 6.6.2019 ലെ കൃഷി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെയും അർദ്ധ ഔദ്യോഗിക കത്തുകൾ മുഖാന്തിരം കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരുന്നു. പ്രസ്തുത വിഷയം പരിശോധിച്ച് മേൽപ്പറഞ്ഞ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ് എന്ന് 24.1.2018 ലെ 13035/13/2014-PPI അർദ്ധ ഔദ്യോഗിക കത്ത് മുഖേന ബഹു കേന്ദ്ര കൃഷി മന്ത്രി സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവെങ്കിലും തുക ഇതു വരെ തിരികെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ